# മൊഴി

## ഡിജിറ്റൽ മാഗസിൻ



ജി.വി.എച്ച്.എസ്.എസ് നെല്ലിക്കുത്ത്

**ഉള്ളടക്കം**

ആമുഖം....3
എന്റെ വിദ്യാലയം....5
ഗ്ലോം ഭേം രംഗ്ഭരേ....6
പ്രതീക്ഷകളുടെ പുതുവർഷം....9
ഭാരതം....10
MOTHER THE WORLD....11
ഒരു യാത്ര....12
മാനത്തെ പൊൻ കിളി....15
കരുന്ന മേഘം....16
പ്രളയം ബാക്കി വെച്ചത്....17
വരകളിലൂടെ....18

# <u>ആമുഖം</u>

ഇത് "**മൊഴി**" - കുരുന്നു ഹൃദയങ്ങളുടെ ഭാവനാ ലോകം..!

ഡിജിറ്റൽ ലോകത്തേക്കുള്ള പ്രയാണം....!

സാങ്കേതിക വിദ്യ ദുരുപയോഗം ചെയ്യപ്പെടുന്ന നവ യുഗത്തിൽ

പ്രതീക്ഷയുടെ ഒരു തുരുത്ത്..!

കുഞ്ഞു മൊഴികൾ  കമ്പ്യൂട്ടറിലേക്ക് നിവേശനം ചെയ്യുകയും

ഇ താളുകൾ അലങ്കരിക്കുകയും ചെയ്തപ്പോൾ ഇവിടെ '**മൊഴി**' പിറന്നു.

# എന്റെ വിദ്യാലയം




അൻഷിദ.കെ.പി

നെല്ലിക്കുത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ ഗതകാല ഗാഥകൾ ചികയുമ്പോൾ പതിറ്റാണ്ടുകൾ പിന്നിട്ട് നൂറ്റാണ്ടിനപ്പുറത്തേക്ക് ഊളിയിടേണ്ടതുണ്ട്. 1900 ൽ സ്ഥാപിതമായ നെല്ലിക്കുത്ത് ജി.എം.എൽ.പി. സ്ക്കൂളാണ് ഇന്നത്തെ ഹയർ സെക്കണ്ടറി സ്ക്കൂൾ.116 വർഷത്തെ കുതിപ്പിന്റെയും കിതപ്പിന്റെയും വളർച്ചയുടേയും തളർച്ചയുടേയും സ്മൃതികൾ മാറിലടക്കിപ്പിടിച്ചാണ് പൊളിഞ്ഞ് വീഴാൻ മുഹൂർത്തം കാത്തിരിക്കുന്ന തറവാട് ഹാൾ നിലകൊള്ളുന്നത്.ഇന്ന് മൊത്തത്തിലെടുത്താൽ പ്രീ പ്രൈമറി മുതൽ ഹൈസ്ക്കൂളും വിവിധ കോഴ്സുകളിലായി ഹയർ സെക്കണ്ടറിയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയു മൊക്കെയുള്ള വിവിധ സ്ഥാപനങ്ങളാണ് പ്രകൃതി രമണീയവും പ്രശാന്തസുന്ദരവുമായ ആൽക്കപ്പറമ്പിൽ തലയുയർത്തി നിൽക്കുന്നത്.1961 ൽ യു.പി.സ്ക്കൂളായും 80 ൽ ഹൈസ്ക്കൂളായും 94 ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയായും ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിന് ഇല്ലായ്മകളും വല്ലായ്മകളും മാത്രമേ എന്നും പറയാനുണ്ടായിരുന്നുള്ളൂ. പരിമിതികളുടെയും

പരാധീനതകളുടെയും പാരമ്യതയിൽ നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങൾ തുറന്ന വല്ലാതെ വീർപ്പ് മുട്ടിയ ഘട്ടങ്ങളിലാണ് പുതിയ അപ്ഗ്രേഡിംഗ് ഉണ്ടായത്.

# <u>ഗുലോം മേം രംഗ്ഭരേ</u>

റജി ടി



"ദൈവത്തിന് ശബ്ദമുണ്ടെങ്കിൽ അത് മെഹ്ദി സാബിന്റെ ശബ്ദം പോലെയായിരിക്കും "ഇന്ത്യയുടെ ഗാനകോകിലം ലത മങ്കേഷ്കർ പറഞ്ഞ ഈ വാചകങ്ങൾ മതി വിഖ്യാത ഗസൽ സംഗീതജ്ഞൻ മെഹ്ദി ഹസ്സന്റെ സ്വര മാന്ത്രികതയുടെ മാറ്ററിയാൻ! വിഭജനം നമുക്ക് വരുത്തി വെച്ച പ്രധാന നഷ്ടങ്ങളിലൊന്ന് പ്രഗൽഭരായ ഗസൽ ഗായകരിൽ പലരും അതിർത്തിക്കപ്പുറത്തായി എന്നതാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. പക്ഷേ, അതിർത്തികൾ മായ്ച്ചു കളഞ്ഞ ഗായകനാണ് മെഹ്ദി .

പേർഷ്യയിൽ പിറവി കൊള്ളുകയും കേവലം ആറു ശതകങ്ങൾക്കു മുമ്പു മാത്രം ഇന്ത്യാ ഉപഭൂഖണ്ഡത്തിലെത്തുകയും ചെയ്ത ഒരു കാവ്യസംഗീത ശാഖക്ക് ലോകമെങ്ങും ആരാധകരെ സൃഷ്ടിച്ചു കൊടുത്തതിൽ മെഹ്ദി സാബ് വഹിച്ച പങ്ക് നിസ്തുലമാണ്.ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ഈ ലളിത രൂപത്തെ മെഹ്ദി തനിക്കൊപ്പം വളർത്തി.

വിരഹം, പ്രണയം, കാമനകൾ, ക്ഷണിക ജീവിതത്തിലെ കുഞ്ഞു സന്തോഷങ്ങൾ, ഹൃദയ വ്യഥകൾ ,സ്വപ്ന പകർച്ചകൾ, സ്ത്രീ സൗന്ദര്യത്തോടുള്ള

ആരാധന -ഗസൽ ആവിഷ്കരിക്കാത്തതായി എന്തുണ്ട്?

ഗുലാം അലിയുടെ 'ക്ളാസിക്കൽ 'വൈഭവവും, ജഗ്ജിത്ത് സിംഗിന്റെ 'റൊമാന്റിക് 'സ്വരവും മെഹ്ദിയിൽ ഒരേ പോലെ സമ്മേളിച്ചു. ഒരേ ഗസൽ തന്നെ ഭിന്ന ശൈലികളിൽ ആലപിച്ച് അയാൾ വ്യത്യസ്തനായി.ചലച്ചിത്ര ഗാനമായി മാറിയ ഗസലിനെ തന്നെ ക്ളാസിക്കൽ സ്പർശത്തോടെ വീണ്ടും അവതരിപ്പിച്ചു. ലോകം അവയെ എല്ലാം ഹർഷാരവത്തോടെ എതിരേറ്റു. ഗസലിന് അനുയോജ്യമായ രാഗങ്ങൾ തെരഞ്ഞെടുക്കുന്നതിൽ സാബ് ബദ്ധശ്രദ്ധനായിരുന്നു. ഷോലാ ഥാ ഭുഝ് ചുകാ ഹൂം' പോലെയുള്ള സാധാരണ ഗസലുകൾക്ക് മെഹ്ദി ഒന്നാന്തരം ക്ളാസിക്കൽ വകഭേദങ്ങൾ സൃഷ്ടിച്ചു.'ലൈവ് സദസ്സ്'കൾ ഇന്ത്യയിൽ അയാൾക്ക് എണ്ണമറ്റ ആരാധകരെ സൃഷ്ടിച്ചു കൊടുത്തു. അതിർത്തി വരകളെ സംഗീതം നിസ്സാരമായി ഭേദിച്ചു. പൂർണതക്കായി അയാൾ എപ്പോഴും ധ്യാന ലീന നായി. തനിക്കൊപ്പം ഉപകരണസംഗീതം ചെയ്യുന്നവർ വരുത്തുന്ന നിസ്സാരമായ പിഴവുകൾക്ക് പോലും അയാൾ സദസ്സിനോട് മാപ്പിരന്നു. അവരുടെ മികവുകളെ പക്ഷേ,സഹജമായ നിഷ്കളങ്കതയോടെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു .' രഞ്ജി ശ് ഹി സഹി' ,,' ന കിസീ കീ ആംഖ് കാ നൂർ ഹൂം',' കോയി ഉമ്മീദ് ബർ ന ഹി ആ തീ,' മുദ്ദത് ഹുയീ ഹൈ യാർ കോ', ' ആഹ് കോ ചാഹിയേ ഇക് ഉമ്ര് " ,'ഏക് ബസ് തു ഹി നഹി', 'അബ് കേ ഹം ബിഛ് ഡേ' , 'പ്യാർ ഭരേ '-ഗസലുകൾ പെയ്തിറങ്ങി, ഭൂമി ശുദ്ധ സംഗീതത്തിന്റെ വശ്യതയിൽ ലയിച്ചു!

പാട്ടുകളിൽ നഷ്ടപ്പെട്ടിരുന്ന ഒരു മനസ്സുമായി നടന്ന കുട്ടിക്കാലമാണ് എന്നെ ഗസലുകളിലേക്കു മെത്തിച്ചത്. ആസ്വാദനത്തിന് പരിമിതികൾ ഇല്ലെന്ന് മനസ്സിലാക്കിയ ഒരു കാലം. ഏതൊരു തുടക്കക്കാരനെയും പോലെ പങ്കജ് ഉധാസ് ആയിരുന്നു ആ വിസ്മയലോകത്തേക്കുള്ള ആദ്യ ജാലകം. ഗുലാം അലിയിലൂടെ ,ജഗ്ജിത് സിംഗിലൂടെ തുടർന്ന യാത്ര മെഹ്ദിയിൽ എത്തി അവസാനിച്ചു; പിന്നെങ്ങോട്ടും പോകാനാവാതെ ! എത്താൻ വൈകിയതിന്റെ സങ്കടം മാത്രം ബാക്കിയാകുന്നു.

പകുതിയിൽ പതറി നിർത്തിയ ഒരു പാട്ട് പോലെ മെഹ്ദി മറഞ്ഞു. പക്ഷേ, ഓർമ്മയിൽ ആ നാദം പെയ്ത് നിറയുന്നു. 'വിഷാദത്താൽ പിഞ്ഞിയ ഹൃദയത്തെ പാട്ടിനാൽ തുന്നിയ ' ആ നാളുകളെ വീണ്ടുമോർക്കുന്നു.

സ്വപ്നത്തിൽ, പറുദീസയിലെവിടെ നിന്നോ ആ അഭൗമ നാദം വീണ്ടുമുയരുന്നു -

' ഗുലോം മെ രംഗ് ഭരേ,ബാദ് - ഏ-നൗ ബഹാർ ചലേ .......

# പ്രതീക്ഷകളുടെ പുതുവർഷം

തജ്‌വീദ അഹീഫ.പി

ഇതൊരു പൊതു ലോകത്തിൻറ പുതുവർഷം കളികളും ചിരികളും പങ്കുവെക്കുന്ന ഒരു കുഞ്ഞു പുതുവർഷം ദുഃഖങ്ങൾ ആയി ആയുസ്സിനെ തട്ടിക്കളഞ്ഞു പോകുന്ന വർഷം എല്ലാവരുടെയും മനസ്സുകളിൽ ആഹ്ലാദംകൊണ്ട് നിറയുന്ന പൊൻപുലരി. പ്രളയകാലത്ത് നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാൻ ഒരു പുതുലോകം. ഒരുപക്ഷേ ഈ സന്തോഷങ്ങൾക്കിടയിലും ഓരോ മിനുട്ട് കഴിയുംതോറും നമ്മുടെ നമ്മുടെ ആയുസ്സിന് ചെറുകണികകൾ ഓരോന്നായി അറ്റുപോകുന്നു. കൗമാരത്തിൽ നിന്ന് യൗവനത്തിലേക്കും യൗവനത്തിൽ നിന്ന് വാർദ്ധക്യത്തിലേക്ക് പറന്നും പാറയും എത്തിക്കൊണ്ടിരിക്കുന്നു. ജീവിതത്തിൽനിന്ന് സുഖങ്ങളും ദുഃഖങ്ങളും തുടർന്ന് മറവികളും മാറ്റങ്ങളും. ആയുസ്സിനെ വർഷങ്ങൾ ഇരതേടി കൊണ്ടിരിക്കുന്നു .കാലം കഴിയുന്നത് എങ്ങിനെ എന്ന് പോലും അറിയില്ല .തീവണ്ടിപോലെ പെട്ടെന്ന് പാഞ്ഞ് അകലുന്നു. ആകാശത്തിൽ സൂര്യൻറെ സമയം കഴിഞ്ഞ് ചന്ദ്രൻ അടുക്കാൻ ആകുന്നതുപോല ഭൂമിയില് സമയം കഴിഞ്ഞ് മണ്ണിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന . മണ്ണിലേക്ക് ആയി എണ്ണിത്തീർക്കാൻ മാത്രം അകലങ്ങൾ മതിയാകുന്നു. ജീവനു നവോന്മേഷം പകരാൻ കാലമിനിയില്ല മറിച്ച് അതിനായി ഒരു കാലം കൂടെ നമുക്ക് കാണാത്തക്കവിധം മറഞ്ഞു നിൽക്കുന്നു. കാലം അങ്ങനെ കടന്നുപോകുന്തോറും ഭംഗി കുറഞ്ഞുകൊണ്ടിരിക്കുന്നു പാടങ്ങളും നെൽക്കതിരുകളും അരുവികളും തോടുകളും കാടുകളും ഏറുമാടങ്ങളും കുന്നുകളും പുഴകളും ഇവയൊക്കെ എവിടെയോ പോയി മറഞ്ഞു. പുഴകളും പക്ഷികളും മറ്റു ജീവികളും ഇവയുടെ പാട്ടുകൾ കേൾക്കാനേയില്ല. ലോകത്തെ മനുഷ്യർ മാത്രം സ്വന്തമായിരിക്കുകയാണ് ഇനിവരുന്ന പുതുവർഷം എല്ലാവർക്കും വേണ്ടിയുള്ള സന്തോഷമായി വർഷമാകട്ടെ

# ഭാരതം

പല ജാതി, പല വർണ്ണ പൂക്കൾ വിടരുന്ന
സുന്ദര സ്വർഗമാണെന്റെ ഭാരതം
ഒന്നല്ല, രണ്ടല്ലനവധി പല ജാതി
മതമുള്ളതാണെന്റ ഭാരതം
ഒത്തിരി ഭാഷകൾ കരകവിഞ്ഞൊഴുകുന്ന
സുന്ദര നദിയാണെന്റെ ഭാരതം
മതമില്ല ജാതിയോ വർഗമോ ഇല്ലിവിടെ
എല്ലാരുമൊന്നിച്ചൊരെൻ ഭാരതം
വേഷഭൂഷാദികൾ വ്യത്യസ്തമെങ്കിലും
കോർത്ത ചരടുകൾ ഒന്നു തന്നെ
എല്ലാറ്റിനെയുമൊരുമിച്ചു നിർത്തുന്ന
അമ്മയാണെന്റെ ഭാരതം
നന്മയാണിന്നെന്റെ ഭാരതം
സുന്ദര കോമള ഭാരതം

# MOTHER THE WORLD

Faheema farsana. P.K

*Now in this evening*

*I am alone with my darkness*

*And i am searching for*

*The true love in this world*

*Then i remember*

*When i started to step my feet*

*Her hands give me support*

*It was the first opportunity*

*To overcome my stress*

*When i started to cry*

*She helps to paint*

*My colourless world*

*So she was the first teacher in my life*

*She receives all complaints from me*

*Like a complaint  box although*

*She was the only the court*

*That gave me justice*

*All these live give*

*Answer for my question*

*The first love in my life*

*Is true for ever*

*It is not cocluded in just*

*Six letters 'MOTHER...'*

# ഒരു യാത്ര

***ഷോന.വി.എച്ച്***

സ്നേഹത്തിൻ അർത്ഥം തേടിയൊരു യാത്ര...
സ്നേഹം...,അനിർവാച്യമായ എന്തോ ഒന്ന്
ശൈശവത്തിൽ
അമ്മിഞ്ഞപ്പാലിൻ മാധുര്യമായിരുന്നു അത്.
ബാല്യത്തിൽ
അച്ഛൻ തന്ന കളിപ്പാട്ടങ്ങളായതു മാറി.
കൗമാരത്തിൽ
വശ്യമായ കാമുകന്റെ പുഞ്ചിരിയായി
യൗവനത്തിൽ
അവ്യക്തത മാത്രം കണ്ണുകളിൽ
കാഴ്ചകൾ വിണ്ടു കീറി
ഉത്തരമില്ലാത്ത ചോദ്യം പോലെ
ആ അക്ഷരങ്ങൾ വിളറി
ഒരാവർത്തി കൂടി ഞാൻ
അമ്മിഞ്ഞപ്പാലിൻ മാധുര്യത്തിൽ തിരഞ്ഞു
പക്ഷേ,
പാൽ മധുരം നുണയാൻ
കാത്തു നിൽക്കാതെ
കീറിമുറിക്കപ്പെട്ട ചോരത്തുടിപ്പുകൾ
ജീവിതഭാരം പിന്നെയും
സ്നേഹത്തെ വികലമാക്കി
മുറ്റത്തെ കിണറ്റിൽ
വീർത്തു പൊന്തിയ കുഞ്ഞു-
ശരീരങ്ങളായതു മാറി.

വീണ്ടും,
അച്ഛൻ തന്ന കളിപ്പാട്ടങ്ങളിൽ
ഞാൻ തിരഞ്ഞു...പക്ഷെ,
ലഹരിയുടെ ആലസ്യത്തിൽ എപ്പോഴോ
അച്ഛന്റെ തലോടൽ
തടിച്ചു വീർത്ത മുറിപ്പാടുകളായ് മാറി-
സ്നേഹം ഇവിടേയും കാലിടറി.
പിന്നേയും ഞാൻ തിരഞ്ഞു
ചോരയിൽ പുതഞ്ഞ അക്ഷരങ്ങളുള്ള
കാമുകനയച്ച സന്ദേശങ്ങളിൽ...
സ്നേഹം മറ്റെന്തിനോ വഴിമാറി, ഇവിടേയും
വീട്ടുമുറ്റത്തെ മാവിൻ കൊമ്പിൽ
വികൃതമായ് അത് തൂങ്ങിയാടി.
ക്ലാസ്സ് മുറികളിൽ എവിടേയോ
വിഷക്കുപ്പിക്കരികെ, നുരയും
പതയുമൊലിപ്പിച്ച്
നിശ്ചലമായതു കിടന്നു.
തിരഞ്ഞു തളർന്ന കണ്ണുകൾ
പരാജയം ഏറ്റുവാങ്ങാൻഒരുങ്ങുമ്പോൾ...
"സ്നേഹമാണഖിലസാരമൂഴിയിൽ"
എന്ന കവി വാക്യം
അർത്ഥശൂന്യമായ്
അവശേഷിപ്പൂ ചുറ്റിലും...

# മാനത്തെ പൊൻ കിളി

ഹസ്സ

മാനത്തെയമ്പിളി മാമാ ...
മാമ്മുണ്ണാൻ പോരുന്നോകൂടെ
മാനത്തെ കാഴ്ചകൾ കണ്ട്
താഴോട്ടു പോരുന്നോ കൂടെ
അല്ലിയില്ലി ചമ്മന്തിയുണ്ട്
വട്ടത്തിൽ പപ്പടമുണ്ട്. എന്നാലും പോരുന്നോ കൂടെ
മാമ്മുണ്ണാൻ പോരുന്നോ കൂടെ
താഴോട്ടു പോന്നാൽ നിന്നെ
താരാട്ടു പാടിയുറക്കാം
താലോലം പാടി പാടി
മേലോട്ടു പോകാം നിനക്ക്.
പുഞ്ചിരി പോലൊത്ത ചുണ്ട്
പൂമണം തൂകുന്ന മുഖം
എന്നാലും കൂടെ പോന്നില്ല
മാമ്മുണ്ണാൻ കൂടെ വന്നില്ല

# കുരുന്നു മേഘം

അതുല്യ.കെ

എന്റെ നോവിന്റെ മൂകാന്ധകാരത്തിൽ
താങ്ങായി നിൽക്കുന്നു മേഘം...
മേഘമെന്നുള്ളിലെ വരൾച്ചയ്ക്കു മീതെയായ്
മഴയായ് പെയ്യുന്നു മേഘം ...
എന്നിലെ മൗനത്തെയില്ലാതെയാക്കുന്ന
കുന്നികുരുവാണ് മേഘം
ന്തിയെത്തുന്ന തേനീച്ച പോലെന്നിൽ
തേൻ നുള്ളി പോകുന്നു മേഘം.
സിംഹത്തെ പോലെയാ പർവ്വതം പോലെയാ
പല രൂപങ്ങൾ പോലെയാ മേഘം
വെയിലായി മഴയായി കാറ്റായി തണലായി
മേഘം പലതുള്ളിമേഘം

# പ്രളയം ബാക്കി വെച്ചത്

നിദപർവിൻ.പി

ഈ കഴിഞ്ഞവർഷം ധാരാളം ഓർമ്മകൾ നമുക്ക് സമ്മാനിച്ചാണ് കടന്നുപോയത്. പ്രളയം അത് ധാരാളം നഷ്ടങ്ങൾ  വിതച്ചു. ഓരോ നാടിനെയും വീടിനെയും ഒരു പെരുമ്പാമ്പിനെപോൽ വിഴുങ്ങികൊണ്ട് വെള്ളപൊക്കം ഇരച്ചുകയറി. ഓരോരുത്തർക്കും അവരവരുടെ വാസസ്ഥലം തന്നെ നഷ്ടമായി.
വെള്ളപൊക്കം മൂലം ദുരിതമനുഭവിച്ചവർക്ക്ക്യാമ്പുകളിൽ തങ്ങേണ്ടി വന്നു. പള്ളികളും ക്ഷേത്രങ്ങളും വിദ്യാലയങ്ങളും ക്യാമ്പുകളായ് മാറി. ഭക്ഷണമില്ലാതെ പട്ടിണികിടന്ന ദിവസങ്ങൾ...ഒന്ന് കണ്ണടക്കാൻ കഴിയാത്ത രാത്രികൾ എല്ലാം ജനങ്ങളെ ഭീതിയിലാഴ്ത്തി.
പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വേർത്തിരിവില്ലാതെ, എല്ലാവർക്കും ഇതേ അവസ്ഥ നേരിടേണ്ടി വന്നു.
പക്ഷെ, ആ പ്രളയകാലത്ത് ജാതി മത ഭേദമന്യേ നാമെല്ലാം മനുഷ്യനാണ് എന്ന ചിന്ത എല്ലാവരിലും തളിർത്തു പൊന്തി.അത് എല്ലാവർക്കും ആശ്വാസമായി. പരസ്പരം സഹായിച്ചു മുന്നേറി. ദൈവത്തിൻറെ പരീക്ഷണത്തെ അവർ ഒന്നിച്ചു കൈകോർത്ത് തരണം ചെയ്തു. എല്ലാവരും പരസ്പര സഹകരണത്തോടെ സമത്വബോധത്തോട് കൂടി പുതിയ അധ്യയനത്തിന് തുടക്കം കുറിച്ചു. കൂടുതൽ പ്രതീക്ഷകൾ കൈവരിച്ച് ജീവിത വഴിയിൽ മനുഷ്യർ പ്രളയത്തെ ദൈവത്തിന്ടെ പരീക്ഷണമായ് കണ്ടു. അതിൽ നിന്നെല്ലാം കര കയറി സസന്തോഷം മുന്നേറി.

# വരകളിലൂടെ

*തജ്‌വീദ അഫീഫ.പി*



*ജസീല. എപി*

